# വിഡ്ഢിയായ സ്വർണ്ണപക്ഷി



ഒരിടത്തൊരിടത്തൊരു മഹാരാജാവുണ്ടായിരുന്നു.

വജ്രഫലകങ്ങൾ കൊണ്ട് ആവരണം ചെയ്ത പക്ഷികൂട്ടിൽ അദ്ദേഹമൊരു സ്വർണ്ണപക്ഷിയെ വളർത്തിയിരുന്നു. നേരത്തോട് നേരം കൂടുമ്പോൾ സ്വാദിഷ്ടമായ തീറ്റയും വെള്ളവും നൽകിയും പൊൻതൂവലുകൾ ചീകി മിനുക്കിയും ഭൃത്യർ അതിനെ അതീവ ശ്രദ്ധയോടെ പരിചരിച്ചു പോന്നു.

അതിനുള്ള നന്ദി പ്രകടനമെന്നോണം ദിവസവും ആ പക്ഷി രാജാവിനുവേണ്ടി മധുരസുന്ദരമായ സംഗീതം ആലപിച്ചു കൊടുക്കുമായിരുന്നു.

അപ്പോഴെല്ലാം അതിസന്തോഷം കൊണ്ട് രാജാവ് ഉച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു, 'ഈ ഭൂമിയിലെ ഏറ്റവും സുന്ദരമായ സ്വർണ്ണപക്ഷി എനിയ്ക്കു വേണ്ടി ഹൃദ്യമായ ഗീതങ്ങൾ പാടുന്നു.

ഇതിൽപരം വേറെന്തു ഭാഗ്യമാണെനിയ്ക്കിനി കിട്ടാനുള്ളത്?'

പക്ഷേ, കാലം ചെല്ലുന്തോറും അദ്ദേഹത്തിന്റെ ഉല്ലാസം



മങ്ങിവന്നു. അദ്ദേഹം ഇങ്ങനെ ചിന്തിച്ചു.

"നീതിയ്ക്ക് നിരക്കാത്ത പ്രവൃത്തിയാണു ഞാൻ ചെയ്തുകൊണ്ടിരിക്കുന്നത്. സ്രഷ്ടാവ് വിണ്ണിന്റെ വിഹായസ്സിൽ സ്വതന്ത്രമായി പറക്കാൻ സൃഷ്ടിച്ച മനോഹരമായ ഒരു പക്ഷിയെയാണ് ഞാൻ കൂട്ടിലടച്ചിരിയ്ക്കുന്നത്."

ഉടനെ അദ്ദേഹം പരിചാരകനോട് സ്വർണ്ണ കൂട്ടിലടച്ച കിളിയെ തുറന്നു വിടാൻ ആജ്ഞാപിച്ചു.

കിളിയെ തുറന്നുവിടും മുമ്പെ അതിനോടായി അയാൾ പറഞ്ഞു, "നിനക്കു സ്വയം ജീവിക്കാനാകുമെന്ന് ഞാൻ വിശ്വസിക്കുന്നു."

പുതിയ അന്തരീക്ഷത്തിൽ എത്തിയ സ്വർണ്ണപക്ഷി എങ്ങനെ ഇരതേടുമെന്നും എവിടെ പാർക്കുമെന്നുമറിയാതെ കുഴപ്പത്തിലായി.

എനിയ്ക്കുള്ള ഭക്ഷണ പാനീയങ്ങളും മറ്റു സുഖസൗകര്യങ്ങളും ആരെങ്കിലും കൊണ്ടുവന്ന് തരുമായിരിക്കും. കാത്തിരിക്കുക തന്നെ.'

ഏറെസമയം കഴിഞ്ഞില്ല. അതാ... മരച്ചില്ലകൾക്കിടയിൽ നിന്ന് ഉലച്ചിലുകൾ കേൾക്കുന്നു. ഒരു കുരങ്ങച്ചൻ മരക്കൊമ്പുകൾക്കിടയിൽ ഊഞ്ഞാലാടുകയാണ്.

"നീ ആരാണ്? ഈ കാട്ടിൽ ഒരു പുതിയ മുഖം? ഇതിനു മുമ്പെ ഇവിടെയെങ്ങും കണ്ടിട്ടില്ലല്ലൊ?"

കുരങ്ങച്ചൻ കിളിയോട് കുശലം ചോദിച്ചു.

"ഞാൻ സ്വർണ്ണപക്ഷി" അത്

## പ്രധാന ശത്രു കൊതുക്



കൊതുക് നിസ്സാരക്കാരനാണെന്ന് കരുതിയവർക്ക് തെറ്റി. വർഷംപ്രതി ഇരുപത് കോടിയോളം പേരെ കൊതുകുകൾ രോഗികളാക്കുന്നു. ലോകാരോഗ്യ സംഘടനയുടെ (W H O) കണക്കനുസരിച്ച് പ്രതിവർഷം 7 കോടിയിലധികം പേർ കൊതുക് പരത്തുന്ന രോഗങ്ങളാൽ മരണപ്പെടുന്നുണ്ട്. ലോകത്ത് നൂറിലേറെ രാജ്യങ്ങളിൽ കൊതുകുകൾ അപകടകരമായ രീതിയിൽ മലേറിയ രോഗാണുക്കൾ പരത്തുന്നുണ്ട്.

• എം

▸▸ ചാണകത്തിൽ നിന്നും കിട്ടുന്ന വാതകം- മീഥേൻ



മൊഴിഞ്ഞു,

"അതേയൊ, എങ്കിൽ എന്റെ കൂടെ വരൂ.. ഇവിടെ ഭക്ഷണം ലഭിക്കുന്ന മരം ഏതാണെന്ന് കാണിച്ചു തരാം.."

വളരെ ഉത്സാഹത്തോടെ കുരങ്ങച്ചൻ കിളിയെ ക്ഷണിച്ചു.

"എന്റെ മനോഹരമായ സ്വർണ്ണ കൊക്ക് കാണുമ്പോൾ നിനക്ക് എന്നോട് അസൂയ തോന്നും."

വളരെ പുച്ഛത്തോടെ സ്വർണ്ണപ്പക്ഷി മറുപടി പറഞ്ഞു.

"ആയ്ക്കോട്ടെ. നിനക്ക് നിന്റെ വഴി" ഇതും പറഞ്ഞ് കുരങ്ങച്ചൻ മരങ്ങൾക്കിടയിലൂടെ ചാടിച്ചാടി അപ്രത്യക്ഷനായി.

എന്തു ചെയ്യണമെന്നറിയാതെ ഒറ്റപ്പെട്ടു നിൽക്കുന്ന സ്വർണ്ണപ്പക്ഷിയ്ക്കപ്പോൾ ചുറ്റുവട്ടത്തു നിന്ന് ആരോ ചീറ്റുന്നപോലെ തോന്നി. അതൊരു പാമ്പായിരുന്നു.

"ആരാണു നീ. ഇതിനു മുമ്പെ ഇവിടെയെങ്ങും കണ്ടിട്ടില്ലല്ലൊ..?" പാമ്പ് ചോദിച്ചു.

"ഞാനോ. ഞാനാണു സ്വർണ്ണപ്പക്ഷി.." മുമ്പത്തേക്കാൾ ഒരുപടി അഹങ്കാരത്തോടെയായിരുന്നു ആ മറുപടി.

"എങ്കിൽ ഞാൻ നിനക്ക് ഈ പ്രദേശത്തെ ഊടുവഴികൾ കാണിച്ചു തരാം. എന്റെ കൂടെ വരൂ.." സൗമ്യതയോടെയായിരുന്നു പാമ്പിന്റെ ക്ഷണം.

"ഛരി, വികൃത ജീവിയായ നീ എനിയ്ക്കെങ്ങിനെ വഴികാട്ടിയാകും?

മാത്രമല്ല, സ്വരസൗന്ദര്യമുള്ള എന്നോട് നിനക്ക് അസൂയയല്ലാതെ ഒന്നും ഉണ്ടാകാനുള്ള സാധ്യതയില്ല,,, അതുകൊണ്ട് നിനക്ക് നിന്റെ പാട്ടിന് പോകാം.."

"ശരി..നിന്റെ ഇഷ്ടം പോലെ" എന്നും പറഞ്ഞ് ആ ഇഴജന്തു അതിന്റെ പാട്ടിനു പോയി.



അപ്പോഴും സ്വർണ്ണപക്ഷിയുടെ ചിന്ത മറ്റൊന്നായിരുന്നു,


''എനിയ്ക്കുള്ള വിഭവസമൃദ്ധമായ ഭക്ഷണം ആരു കൊണ്ടുവന്നു തരും. എന്റെ പൊൻതൂവലുകൾ കോതി മിനുക്കാനുള്ള പരിചാരകർ എപ്പോഴായിരിയ്ക്കും എത്തിപ്പെടുക..''

ഇത്തരം ചോദ്യങ്ങൾ അതിനെ അലട്ടികൊണ്ടിരിയ്ക്കുമ്പോഴായിരുന്നു, തൊട്ടരികിലുള്ള മരത്തടിയിൽ ഒരനക്കം അനുഭവപ്പെട്ടത്.!

അതൊരു ഓന്തായിരുന്നു.

''നീ ആരാണെന്ന് എനിയ്ക്ക് പരിചയപ്പെടുത്തി തരേണ്ടതില്ല. നീ സംസാരിച്ചിരുന്നതെല്ലാം ഞാനിവിടെയിരുന്ന് കേൾക്കുന്നുണ്ടായിരുന്നു.'' ഓന്ത് പറഞ്ഞു.

''അപകടം വന്നാൽ ഒളിക്കേണ്ട ഇടങ്ങൾ ഞാൻ കാണിച്ചു തരാം...''



''വേണ്ടാ... വിരൂപിയായ നിന്റെ സഹായം എനിയ്ക്ക് ആവശ്യമില്ല. നിന്നിൽ എന്നോടുള്ള അസൂയ മുളപൊട്ടുന്നുണ്ടെന്ന് നിന്റെ നോട്ടത്തിൽനിന്ന് മനസ്സിലാക്കാനാകുന്നുണ്ട്.''

''ഞാൻ നിനക്ക് മുന്നറിയിപ്പ് നൽകിയെന്ന് മാത്രം'' ഓന്ത് സ്ഥലം വിട്ടു.

പുതിയൊരു ഇടം പരിചയപ്പെടും മുമ്പെതന്നെ അത് സംഭവിച്ചു. ഒരു വലിയ പക്ഷിയുടെ നിഴൽ അവിടെ പ്രത്യക്ഷമായി. തലയുയർത്തിയ കിളിയ്ക്ക് അതൊരു വലിയ പരുന്തിന്റെ നിഴലാണെന്ന് മനസ്സിലായി.

തീർത്തും ഭയാനകമായ അന്തരീക്ഷം!.

▶▶ഏറ്റവും കൂടുതൽ വാരിയെല്ലുകളുള്ള ജീവി- പാമ്പ്

അതുവരെ മരങ്ങളിൽ ചാഞ്ചാടി രസിച്ചിരുന്ന കുരങ്ങനെ കാണാനില്ല.

മുഖം പൂഴ്ത്തി ഉറക്കം നടിച്ച് കിടന്നിരുന്ന ഇഴയൻ പാമ്പ് മണ്ണിനടിയിലേയ്ക്ക് ഊർന്നിറങ്ങിപ്പോയി.

ഓന്ത് അവിടെ ഉണ്ടായിരുന്നെങ്കിലും അതിന്റെ നിറം മാറി പരുന്തിന് ദൃശ്യമാവാത്ത വിധമായി.

'ഓഹ്... അതുശരി.. ഞാൻ ഈ പരുന്തിൽനിന്നും രക്ഷപ്പെടാനുള്ള വഴി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

അതിനെന്താ എനിയ്ക്കുള്ള ഏക മാർഗ്ഗം പറന്നുയരുക തന്നെ'.. സ്വർണ്ണപ്പക്ഷി ചിറകുകളടിച്ച് ഉയരുവാൻ ശ്രമിച്ചുവെങ്കിലും നിരാശയായിരുന്നു ഫലം. രാജകൊട്ടാരത്തിലെ ആഡംബര ജീവിതം അതിന്റെ പറക്കാനുള്ള കഴിവ് വല്ലാതെ ക്ഷയിച്ചിരുന്നു.

സ്വർണ്ണക്കൂട്ടിലെ വാസത്തിനിടയിൽ പൊൻചിറകുകൾ അതിനൊരു അലങ്കാരം മാത്രമായിരുന്നുവല്ലോ.

ജീവിതത്തിലാദ്യമായി സ്വർണ്ണപ്പക്ഷി തന്റെ മഞ്ഞ ചിറകുകളെയോർത്ത് വിലപിച്ചു. മറ്റു പക്ഷികളെപ്പോലെയായിരുന്നെങ്കിൽ എളുപ്പത്തിൽ പരുന്തിന്റെ കാഴ്ച്ചയിൽ പെടുമായിരുന്നില്ല.

ചിന്തിയ്ക്കാൻ സമയമില്ല.. അതാ ആ കൂറ്റൻ പക്ഷി ആർത്തി നിറച്ച കണ്ണുകളുമായി തന്റെ നേർക്ക് പറന്നടുക്കുന്നു.

പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. സ്വർണ്ണപ്പക്ഷിയുടെ അരുമക്കാലുകൾ ആരൊ മണ്ണിനടിയിലേയ്ക്ക് പിടിച്ചുവലിച്ചു.

അത് ആ പാമ്പായിരുന്നു. അപ്പോഴേക്കും രോമാവൃതമായൊരു കൈ പക്ഷിയെ ആ മരത്തിന്റെ പൂക്കൾനിരഞ്ഞ ചില്ലകൾക്കിടയിലേക്ക് ഉയർത്തി. അത് കുരങ്ങച്ചനല്ലാതെ വേറെ ആരാവാനാണ്?

''ഇനി അനക്കമില്ലാതെ ആ മഞ്ഞപ്പൂവിനിടയിൽ ഒളിച്ചിരിയ്ക്കു... പരുന്തിനു അതിനിടയിൽനിന്ന് നിന്നെ തിരിച്ചറിയാനാവില്ല,'' ഓന്ത് സ്വർണ്ണപ്പക്ഷിയെ സമാധാനിപ്പിച്ചു.

സ്വർണ്ണനിറമുള്ള പൂവിനിടയിൽ നിന്ന് സ്വർണ്ണപ്പക്ഷിയെ കണ്ടുപിടിക്കാനാവാതെ കൂറ്റൻ പക്ഷി നിരാശനായി തിരിച്ചുപോയി.

ആശ്വാസത്തോടെ സ്വർണ്ണപ്പക്ഷി തന്നെ അപകടത്തിൽ നിന്നും രക്ഷിച്ച മൂന്ന് പേരെയും ആത്മാർത്ഥ മിത്രങ്ങളായി സ്നേഹിച്ചു,

''തീർച്ചയായും ഞാൻ നിങ്ങൾക്ക് കടപ്പെട്ടിരിക്കുന്നു. ഒരിയ്ക്കൽ ഞാനിതിനു പ്രത്യുപകാരം ചെയ്യുമെന്ന് വാക്ക്..''

അന്നുമുതൽ സ്വർണ്ണപ്പക്ഷി അവർക്കുവേണ്ടി ദിവസവും ഈണത്തിലുള്ള പാട്ടുകൾ പാടികൊടുത്തു..

പ്രിയമിത്രങ്ങൾ സ്വർണ്ണപ്പക്ഷിയെ അതിയായി സ്നേഹിച്ചു. അതിനെ സംരക്ഷിച്ചു.

മൊഴിമാറ്റം:

**• വർഷിണി വിനോദിനി**